B.2
802

# ചാട്ടവാർ
# ഒൽവി

ആസാദ് പുസ്തകമന്ദിരം
തൃശൂർ
1945

ചാട്ടവാർ



1945

# ചാട്ടവാർ

ഗ്രന്ഥകർത്താ:
എൻ. വി. കൃഷ്ണവാരിയർ,
( സാഹിത്യശിരോമണി, വ്യാകരണഭൂഷണം, രാഷ്ട്രഭാഷാവിശാരദ
ബി. ഓ. എൽ. )



തൃശ്ശിവപേരൂർ
ആസാദ് പുസ്തകമന്ദിരം
1120 മീനം / 1945 മാർച്ച്
വില 1ക.] പകർപ്പവകാശം പ്രസാധകന്മാർക്ക് [Price 1 R

# അവതാരിക

സാമാന്യജനതയുടെയിടയിലേക്കു സാഹിത്യം കുറേശ്ശ കുറേശ്ശയായി കിനിഞ്ഞിറങ്ങാൻ തുടങ്ങുന്ന കാലമാണിപ്പോൾ. സമുദായത്തിന്റെ നിസ്തബ്ധവും വിശാലവുമായ അടിപ്പരപ്പുകളിലേക്ക് ദേശീയപ്രസ്ഥാനത്തിന്റെ വേരുകൾ കൂടുതൽ ആഴത്തിൽ പാഞ്ഞുചെല്ലുന്നതോടുകൂടി, അവിടങ്ങളിൽ നൂതനമായ ചില ചലനവിശേഷങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്. 1942 ആഗസ്റ്റിനുശേഷമുണ്ടായ സംഭവങ്ങൾ ഒരേസമയത്ത് ഫലവും കാരണവുമാണ്. വമ്പിച്ച മനുഷ്യരാശികൾ ബുദ്ധിപരവും ആത്മീയവുമായ ഒരു നവോത്ഥാനത്തിനു തയ്യാറെടുത്തുവരികയത്രേ.

ഇതിനിപ്പോഴും അവ്യക്തമായ രൂപമേയുള്ളൂ. അതിനു നിശ്ചിതമായ ഒരു പരിപാടിയില്ല; ബോധാത്മകമായ നേതൃത്വമില്ല. പക്ഷേ, പതുക്കെയാണെങ്കിലും കൂടി, അതു ക്രമത്തിൽ അനുഭവപ്പെട്ടുവരുന്നുണ്ട്. ഇന്ത്യ മുഴുവനും എഴുന്നേറ്റുനില്ക്കാൻ ശ്രമിക്കയാണ്. ഒരു മഹാസമുദായത്തിന്റെ മൂരിനിവരലിന്റെ മുരൾച്ചകളാണ് 1942 നു ശേഷം, നമ്മുടെ ദേശീയജീവിതത്തെ വിഴുങ്ങിക്കളഞ്ഞ അന്ധകാരത്തിനുള്ളിൽക്കൂടിയും, നാം കേട്ടുവരുന്നത്.

നമ്മുടെ സാഹിത്യവും ഈ പുതിയ സംഭവവികാസത്തിന്നനുസരിച്ചു വളരേണ്ടിയിരിക്കുന്നു. സാഹിത്യവും കലകളും എല്ലാംതന്നെ ചില പുതിയ ഉപാധികൾ കൈക്കൊള്ളുകതന്നെ വേണം. സാമാന്യജനങ്ങൾക്കു ചിന്തിക്കാനും, അവരെ ഉൽബുദ്ധരാക്കാനും, 'ഉശിരു പിടിപ്പിക്കാനും പറ്റിയ കലോപാധികൾ — എന്നാൽ ഗ്രാമ്യതയിലേക്കു അധഃപതിക്കാതെ — നമുക്കു വളർത്തിക്കൊണ്ടു വരണം.

ഇതുവരേയും രാഷ്ട്രീയകാര്യങ്ങൾ സാഹിത്യരചനക്കു ധാരാളമായി വിഷയമായിട്ടില്ല. ജനങ്ങൾ അവയെപ്പറ്റി ചിന്തിക്കയും സംസാരിക്കയും ചെയ്തുവന്നു. പക്ഷേ, ഈ "വൃത്തികെട്ട വിഷയ"ത്തിൽ തന്റെ തൂലിക മുക്കിനോക്കാൻ സാഹിത്യകാരൻ ധൈര്യപ്പെട്ടിരുന്നില്ല. ആമറിയും, ഹിററ്ലറും, സ്റ്റാലിനും, റൂസ്‌വെൽട്ടുമൊക്കെ സാഹിത്യക്ഷേത്രത്തിൽ പ്രവേശനമില്ലാത്തവരായിരുന്നു. ആസാദിനെപ്പറ്റിയും ഗാന്ധിജിയെപ്പറ്റിയും നെഹ്റുവിനെപ്പറ്റിയും മററു

ള്ള വികാരപരമായ അഭിനന്ദനപ്രകടനങ്ങൾകൊണ്ടു് നമ്മുടെ രാഷ്ട്രീയസാഹിത്യം തൃപ്തിപ്പെട്ടിരുന്നു. അന്നന്നത്തെ രാഷ്ട്രീയസംഭവങ്ങളെ സാഹിത്യം വഴിയായി സാമാന്യജനതയെ ആരും വിശദീകരിച്ചുകൊടുത്തിരുന്നില്ല.

അനുഗൃഹീതഹാസസാഹിത്യകാരനായ 'സഞ്ജയ'നാണു് മലയാളസാഹിത്യത്തിൽ ആദ്യമായി ഈ വഴി വെട്ടിത്തെളിയിച്ചതു്. ജീവിതത്തെ കഷ്ണം കഷ്ണമാക്കാതെ ഒരു സമഗ്രാനുഭവമായിക്കണ്ട അദ്ദേഹം മററുള്ളവരെപ്പോലെ രാഷ്ട്രീയകാര്യങ്ങളെ ഒഴിച്ചുവിട്ടില്ല. അന്നത്തെ കേരളത്തിന്റേയും ഭാരതത്തിന്റേയും രാഷ്ട്രീയപൊതുജീവിതത്തിന്റെ പ്രതിധ്വനികൾ നാം 'വിശ്വരൂപ'ത്തിൽനിന്നും 'സഞ്ജയ'നിൽനിന്നും കേൾക്കുന്നു. ലോകത്തിന്റെ ഭാഗധേയങ്ങളുടെ കടിഞ്ഞാൺ പിടിക്കാൻ തങ്ങൾക്കാണധികാരമെന്നു ശാഠ്യംപിടിച്ചു നിന്നിട്ടുള്ള എല്ലാ കൊച്ചുമനുഷ്യരേയും അദ്ദേഹം വായനക്കാരുടെ മുമ്പിൽ പിടിച്ചുനിർത്തി വിസ്തരിച്ചു. അധികാരമത്തനായ ഡിസ്ട്രിക്ട് ബോർഡു പ്രസിഡണ്ടു മുതൽ, അജ്ഞനായ ചെങ്കൊടിസ്സഖാവുവരെയുള്ള എല്ലാ രാഷ്ട്രീയ വ്യക്തികളുമടങ്ങിയ ഒരു നീണ്ട ഘോഷയാത്രയാണു് അദ്ദേഹത്തിന്റെ ലേഖനങ്ങൾ.

സഞ്ജയന്റെ തിരോധാനത്തിനുശേഷം ശൂന്യമായിരുന്ന ഈ സാഹിത്യക്ഷേത്രത്തിലേക്കു് കാലുകുത്തുന്ന ഒരു വാസനാസമ്പന്നനായ യുവസാഹിത്യകാരനാണു് 'ചാട്ടവാറി'ന്റെ കർത്താവായ എന്റെ സുഹൃത്തു് ശ്രീ. കൃഷ്ണവാരിയർ. അടുത്ത കാലത്തായി ഇന്ത്യയേയും, ലോകത്തെ പൊതുവേയും, സ്പർശിച്ചിട്ടുള്ള രാഷ്ട്രീയമായ ചില പ്രധാനസംഭവങ്ങളെപ്പററിയും പ്രസ്താവനകളെപ്പററിയും വ്യക്തികളെപ്പററിയുമുള്ള 10 നല്ല കവിതകളുടെ ഒരു സമാഹാരമാണിതു്. 'ഉണരുക'എന്ന ആദ്യത്തെ കവിത, ഇന്ത്യയുടെ സ്വാതന്ത്ര്യപ്രസ്ഥാനത്തെപ്പററിയ ഒരുജ്ജ്വലമായ ആഹ്വാനമാകുന്നു. വേറെ രണ്ടെണ്ണത്തിൽ, ആധുനികലോകത്തിലേ ഏററവും സമുന്നതരായ രണ്ടു വ്യക്തികളോടു് — ഗാന്ധിജിയോടും നെഹ്റുവിനോടും — ഉള്ള ഭക്തിബഹുമാനങ്ങൾ പ്രദർശിപ്പിക്കുന്നു. മററു കവിതകളെല്ലാംതന്നെ, ദേശീയവും അന്തർദേശീയവുമായ വിഷയങ്ങൾക്കായി വിനിയോഗിക്കപ്പെട്ടിരിക്കുന്നു. മൂന്നെണ്ണമൊഴിച്ചു മററുള്ളവയൊക്കെ ഹാസ്യകവനങ്ങളായാണു് എഴുതപ്പെട്ടിരിക്കുന്നതു്. ലോകത്തിന്റെ ഭാവിയെ നിർണ്ണയിക്കുവാൻ അധികാരമു



ണ്ടെന്നു നടിച്ചു് അടിക്കടി അന്യായവും അനീതിയും പ്രവർത്തിച്ചുവരുന്നവരെയാണു് കവി തന്റെ നിശിതമായ പരിഹാസത്തിനു പാത്രമാക്കുന്നതു്. എങ്കിലും പരിഹാസത്തിലും പരമമായ ഒരു തീക്ഷ്ണവികാരം കവിയെ ഉത്തേജിപ്പിക്കുന്നുണ്ടു്. സ്വാതന്ത്ര്യത്തിനുവേണ്ടിയാണെന്നവകാശപ്പെടുന്ന ഒരു യുദ്ധത്തിൽ, സ്വാതന്ത്ര്യാദർശത്തിന്റെ പേരിൽ, സർവ്വവും ബലികഴിച്ചു പോരിടാൻ പ്രേരിപ്പിക്കപ്പെട്ടിരിക്കുന്ന തന്റെ മാതൃഭൂമിക്കു് അതേ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കയാണെന്ന വസ്തുത, ഇന്ത്യയുടെ അസ്വാതന്ത്ര്യവുമായി ഔദ്യോഗികമായും ധാർമ്മികമായും ബന്ധപ്പെട്ടിട്ടുള്ള എല്ലാവരേപ്പററിയും അദ്ദേഹത്തിൽ വെറുപ്പുണ്ടാക്കുന്നു. ഇതിൽനിന്നുണ്ടാവുന്ന അമർഷത്തിന്റെ അടിയൊഴുക്കു് ഈ കവിതകളിൽ അങ്ങോളമിങ്ങോളം ഓളം വെട്ടുന്നു. അതവയെ കൂടുതൽ ആസ്വാദ്യമാക്കുകയുംചെയ്യുന്നു.

ഇവ ഹാസ്യകവനങ്ങളാണെങ്കിലും ഹാസ്യകവനങ്ങൾ മാത്രമല്ല. ചിരിക്കത്തക്ക ഭാഗങ്ങൾ (ഉദാഹരണം: 'മുറിവൈദ്യൻ') ഇവയിലുണ്ടെങ്കിൽക്കൂടിയും, ഇവയുടെ ഉദ്ദേശം കൂടുതൽ ഗൌരവാത്മകമാണു് എന്നുള്ളതുകൊണ്ടു് അവയുടെ ശരിയായ സാഹിത്യഭംഗി ഇല്ലാതാവുന്നുമില്ല. ശ്രീ. വാരിയരുടെ ചാട്ടവാർ പൊടിയും തൊങ്ങലും മററും ഉള്ള ചന്തമുള്ള ഒരു സാധനമാണു്. പക്ഷേ, സംഹാരാത്മകമായ ഒരൂക്കോടുകൂടി അതു് അധർമ്മത്തിന്റെ പുറത്തു് 'ഫ്ളം' എന്ന ശബ്ദത്തോടുകൂടി ചെന്നു വീഴുന്നു. അടികൊണ്ടവരുടെ അംഗങ്ങളിൽ പൊടിയുന്ന ചോര അതിന്റെ തുമ്പിൽ തൂങ്ങിനില്ക്കുന്നുണ്ടെന്നു തോന്നും. അതിക്രമങ്ങളുടേയും അനീതിയുടേയും നേരെ കൈകൊട്ടിയാർത്തു ചിരിച്ചു തൃപ്തിപ്പെടുകയല്ല കവി ചെയ്യുന്നതു്. മർദ്ദകനോടു മയത്തിൽ പെരുമാറുന്നതിൽ അദ്ദേഹത്തിന്റെ യുവഹൃദയം വിശ്വസിക്കുന്നില്ലായിരിക്കാം. ഹിംസാപരായണതമൂലമല്ല വെറും ധാർമ്മികമായ ഒരു പ്രതികാരബുദ്ധിമൂലം, അയാളെപ്പിടിച്ചു് 'രണ്ടു പൊട്ടിക്കാൻ' അദ്ദേഹത്തിനു വിസമ്മതമില്ല.

ശ്രീ. വാരിയരുടെ ശൈലിയാകട്ടെ തികച്ചും ആസ്വാദ്യമാണു്. മികച്ച നിലയിലുള്ള സാഹിത്യവ്യാപാരത്തിനുതകുന്ന എത്രനല്ല വരികൾ വേണമെങ്കിലും ഈ മുപ്പതു പേജുകളിൽനിന്നു പെറുക്കിയെടുക്കാം.

ചുരുക്കത്തിൽ, ഇന്നത്തെ യുവഭാരതത്തിന്റെ 1942-നുശേഷം ഇന്ത്യയിലെ ഒരായിരം പടക്കളങ്ങളിൽ രക്തം ചിന്തിയ യുവഭാരതത്തിന്റെ ചോരത്തിളപ്പുകളാണ് നാമിതിൽനിന്നു കേൾക്കുന്നതു്. ഇത്തരത്തിലുള്ള സാഹിത്യമാണ് നമുക്കിന്നു ധാരാളമായി വേണ്ടതു്. ശ്രീ. വാരിയർ അതു നമുക്കു നൽകുമെന്നു ഞാനാശിക്കുന്നു.

'മാതൃഭൂമി'
11-3-'45

എം. കെ. രാജാ.

# ചാട്ടവാർ

## ഉണരുക!

1. ഉണർന്നെണീക്കുവിനടിമച്ചങ്ങല
പൊരുത്തിടാത്തോരേ!
ഉണർന്നെണീക്കുക, തൻ നാടിന്നായ്
സമരം ചെയ്യോരേ!
ഉണരുന്നു നാല്പതു കോടികൾ നമ്മുടെ
യെല്ലാൽ, മാംസത്താ-
ലുരുക്കു കോട്ടകൾ നീളെയുയർത്തുക
നാടിതു രക്ഷിപ്പാൻ!
ഹിന്ദു, മുസൽമാൻ, ശിഖനും, ക്രിസ്ത്യൻ,
പാഴ്സിയു, മൊന്നിച്ചീ-
ഹിന്ദുസ്ഥാനം സ്വതന്ത്രമാക്കും
പടയ്ക്കുണർന്നാവൂ!

2. മറന്നിടാ നാമമൃതസരസ്സും,
ചിമൂറ, മിസ്സൂറം,
മറന്നിടാ നാ, മമ്പതു ലക്ഷം
മരിച്ച ബങ്കാളും,

മറന്നിടാ നാം വെടിയുണ്ടകളെ
ത്തഴുകിയ നാട്ടാരേ,
മറന്നിടാ നാം കഴുമരമേറിയ
ധീരസഹോദരരെ.
ആയിരമാത്മത്യാഗികളടരിൽ
ച്ചൊരിഞ്ഞ ചുടുരക്തം



കേഴുകയത്രേ, നാമിതു ഹൃദയം
തുറന്നു കേട്ടാവൂ!

അടക്കിയേക്കാം ക്രോധം കൊണ്ടലറിടു
മലകടലിനെ; യെന്നാ-
ലടക്കുവാനാരെൻ രാജ്യത്തിൻ
സ്വാതന്ത്ര്യതാവേശം?



ഇളക്കിയേക്കാം വാനിലുരുമ്മിയ
ഹിമഗിരി നിര; യെന്നാ-
ലിളക്കുവാനാരെൻ രാജ്യത്തിൻ
ബലിഷ്ഠസങ്കല്പം?
ഉണർന്നെണീക്കുക, നാല്പതു കോടിക
ളൊരേ മനസ്സായ് നാ-
മുയർത്തിടും ജയഘോഷം ശത്രു-
വിനിടച്ച് നല്ലാവൂ!

ഉണർന്നെണീക്കുക തൊഴിലാളികളേ,
കൃഷീവലന്മാരേ,
ഉണർന്നെണീക്കുവിനിന്ത്യക്കാരാം
സ്ത്രീപുരുഷന്മാരേ,
ഉണർന്നെണീക്കും നമ്മെത്തടയാ-
നലകിതിലാരുള്ളൂ?
ഉരുക്കുമതിലിതിലാർ തലതല്ലി-
ത്തകർന്നിടാതുള്ളൂ?

സ്വതന്ത്രർ നാല്പതു കോടികൾ നമ്മുടെ
യത്നാന്തയത്നത്താൽ
സ്വാതന്ത്ര്യസുന്ദരശുഭനവലോകം
ജന്മമെടുത്താവൂ!

# മഹാത്മാഗാന്ധി

(ഈ വരികളെഴുതുമ്പോൾ മഹാത്മാഗാന്ധി ആഗാഖാൻ കൊട്ടാരത്തിലെ കൽച്ചുമരുകൾക്കുള്ളിൽ വിശ്രമം കൊള്ളുകയായിരുന്നു.)

ജയിലിൻ ചുമരുകളെമ്പാടും ചുഴന്നാലും
ജയിപ്പൂ ഭവാനിന്നു, മിന്ത്യതൻ നേതാവായി,



അവർതൻ സ്വാതന്ത്ര്യപ്പോർ നയിക്കും സേനാനിയാ-
യ്;അവർ തൻനിനാദമാ, യാത്മാവായ്, സർവ്വസ്വമായ്!



മനുജൻ നിർമ്മിച്ചതാം പട്ടിണിക്കൊടുംതീയ്യി-
ലനുവാസരം വെന്തു വെണ്ണീറാ 'മൊറീസ്സ്'യും,
വഴിവക്കിലായ് വീഴും വറുതിശ്ശവങ്ങളെ-
കഴുവും നായും കാർന്നുതിന്നിടും 'ബങ്കാള'വും
അറിയില്ലാഞ്ഞെത്തിയോ രറിയാം വൻ'കോളറ'-
ക്കീരയായെരിപൊരിക്കൊള്ളുമീ 'മലനാടും'
ക്രൂരമർദ്ദനത്തിനാൽത്തകരും തോളും, നെഞ്ചും,
ചാരിത്ര്യം കവർന്നുപോയ് നിസ്സ്വമാം നാരീത്വവും,
അങ്ങയിൽത്തൻമോചനം കണ്ടത്രേ, വ്യഥാഭാര-
മിങ്ങനെ പേറിക്കൊണ്ടും ജീവിച്ചു പോന്നീടുന്നു.

അങ്ങയെച്ചിന്തിക്കവേ, നൈരാശ്യം, ചുഴന്നാലും,
ഞങ്ങളിൽ നവാശതന്നങ്കുരം സ്പന്ദിക്കുന്നു.
ഞങ്ങൾ കാണുന്നു പിറന്നീടുവാൻ വെമ്പും നവ്യ-
മംഗളലോകം, നവ്യമൂല്യങ്ങൾ, നവ്യാചാരം.

അങ്ങയിൽപ്പുലരിതൻ പൊന്നൊളി കണ്ടീടായ്കിൽ
ഞങ്ങളീയിരുൾക്കുത്തി,ലുന്മത്തരായ്ത്തീർന്നേനേ!
അങ്ങതൻസ്വര—മമത്തിയതെന്നാലും ... കേട്ടി_
ല്ലെങ്കിലെത്രയോ തല ഞങ്ങൾ തച്ചുടച്ചേനേ!

താവകപദങ്ങളെത്തുടരാ, നരുക്കെകൊ-
ണ്ടാവട്ടെ സേനാപതേ, ഞങ്ങൾ തൻ തെരമ്പുകൾ!

# ഏമറിയുടെ ചേവടികളിൽ

[ഇന്ത്യാ സിക്രട്ടറി ലിയോപ്പോൾഡ് എസ്. എമറി ഉദ്യോഗം ഒഴിയുകയാണെന്ന വർത്തമാനം പത്രങ്ങളിൽ പരന്നിരുന്ന ഒരു കാലത്ത്—1944 മാർച്ച്മാസത്തിൽ—എഴുതിയത് ~~[illegible]~~ രികൾ]

പോകയാണെന്നോ ഭവാൻ?—ഉള്ളതോ?—ലിയോ-
പ്പോൾഡേ,
പോകല്ലേ, പാവങ്ങളാം ഞങ്ങളെപ്പററിക്കൊല്ലേ!

ചർച്ചിലുമങ്ങും, രാഹുകേതുക്കൾപോലേ,
'ഡൌണിങ്ങ്—
സ്ട്രീററി'ൽ വന്നുദിച്ചൊരന്നിമിഷം തൊട്ടിന്നോളം,
ശാന്തിയിൽ, സ്വാതന്ത്ര്യത്തിൽ, സ്സുഭിക്ഷത്തിലും നീന്തു-
മിന്ത്യയെച്ചതിക്കൊല്ലേ, രാജിവെക്കൊല്ലേ, സ്വാമിൻ!
ഇന്ത്യക്കായെന്തൊന്നങ്ങു ചെയ്തിട്ടില്ല? ഓർക്കുമ്പോൾ
വെന്തു നീറുന്നു ഞങ്ങൾക്കുൾത്തടം കടപ്പാടാൽ.

ജനതാപ്രഭുത്വത്തിൻ ശത്രുവാം കോൺഗ്രസ്സിനെ-
ജ്ജനനായകർ, ഭവാനമർത്തി കശക്കിയാൽ;
'ഇന്ത്യ വിട്ടിവിടുന്നു പോകണ'മെന്നോതുന്ന
ഗാന്ധിയെ യാഗാഖാന്റെ കൊട്ടാരത്തിലും പൂട്ടി.



ഇപ്പൊഴും കനിഞ്ഞങ്ങു നല്കുന്നു മാസംതോറും
മൂപ്പർക്കായുറപ്പിക്കയഞ്ഞൂറു മുട്ടിക്കാതെ.
വൃദ്ധയാം തള്ളത്തിയെ രക്ഷിക്കാൻ വിമാനത്തി-
ലെത്തിച്ചു 'പെനിസ്സിലിൻ' (സമയം വൈകിച്ചാലും!)
ഔദാര്യ, മെതിരാളിമാരൊടാദര, മിമ്മ-
ട്ടാരിലും കണ്ടോരല്ലീ നാടന്മാർ, ലിയോപ്പോൾഡേ!

ആളുകൾക്കറെസ്റ്റുമാ'റാഗസ്റ്റ്' വിളംബര-
മായിരം തവണയീ ഞങ്ങൾക്കേകീലയോ?
കഴുതക്കണ്ണിൻ മുന്നിൽ'ക്കാരട്ടു'പോലേ, ക്രിപ്സിൻ
കരടുനിർദ്ദേശങ്ങൾ ഞാത്തിയിട്ടില്ല മുന്നിൽ?
പട്ടിണിപ്പാവങ്ങളിലനുകമ്പയാൽ, പ്പഞ്ഞം
തൊട്ടിട്ടേയില്ലാ ബംഗാളത്തെയെന്നോതീലയോ?
എന്നിട്ടും നിർമ്മര്യാദർ വംഗന്മാരരക്കോടി-
യുണ്ണാതെ, കഷ്ടം കഷ്ടം, മിഞ്ചിഞ്ചായ് മരിച്ചപ്പോൾ,
ആയതിൽബ്ഭഗവാന്റെയപ്രമേയമാം മായാ-
മാഹാത്മ്യം കണ്ടുണരുവാനുപദേശിച്ചീലയോ?
'കൊയിനാ'വയക്കുവാൻ കപ്പലില്ലാത്തപ്പോഴും
കനിവാൽക്കുടിക്കുവാൻ 'വിസ്കി'യിങ്ങയച്ചീലേ?
മുക്തിയീരാജ്യത്തിലെപ്പെണ്ണുങ്ങൾക്കേകീട്ടങ്ങു
കല്ക്കരിഖനികളിൽക്കിളയ്ക്കാനിറക്കീലേ?....
വന്മരുപ്പരപ്പുപോൽ വിശാലം ത്വത്സ്വാന്ത-
മിങ്ങാര് വർണ്ണിക്കുന്നു? മൃതയായ് കൃതജ്ഞത!
'ലിൻലിത്ഗോ' പോലുള്ളോരകയാൽ മാലിലാണ്ടോരി
യിന്ത്യ-
യിന്നിയും കണ്ണീരിന്റെ കടലിൽത്താഴ്ത്തിടൊല്ലേ!....

കുട്ടി 'മാക്സ്'വെല്ലു'മിന്ത്യവിട്ടുമെന്നായിക്കേട്ടു,
കൂട്ടമായിട്ടേ കഷ്ട, മാപത്തു വന്നെത്തുള്ളൂ!
ദംഭവും കാപട്യവും രാജ്യതന്ത്രമായ്ത്തീർത്ത
വമ്പനാം ലിയോപ്പോൾഡേ, വന്ദനം, പോയേക്കല്ലേ!

## സ്വാഗതം!

[മൺസ്റ്റർ പ്രഭുവിനു പകരം, ഇന്ത്യാസെക്രട്ടറി മി. എമറിയുടെ അണ്ടർ സിക്രട്ടറിയായി, ബ്രിട്ടീഷുതൊഴിലാളികക്ഷിയിൽപ്പെട്ട എൾ ലിസ്റ്റോവെൽ നിയമിക്കപ്പെട്ടപ്പോൾ, അദ്ദേഹത്തിന്റെ സ്ഥാനലബ്ധിയിൽ ഇന്ത്യക്കുള്ള അനുമോദനം രേഖപ്പെടുത്തുവാൻ എഴുതിയ വരികളാണു് താഴെ ചേർക്കുന്നതു്.]

സ്വാഗതം ലിസ്റ്റോവെലേ, വാണാലു മൗദ്യോഗിക-
സൌധത്തിൽ ബ്ഭവാനനീണാ, 'ളേമറി'പ്രസാദത്താൽ!
കൃശദീർഘാംഗനെന്നും, കോമളനെന്നും, താങ്ക-
ളുശിരാന്നവനെന്നും, സോഷ്യലിസ്റ്റെന്നും കേട്ടു.
പണ്ടു നാ'ളിന്ത്യാലീഗി'ൽ പങ്കെടുത്തെന്നോ ചൊല്ലി-
ട്ടുണ്ടുപോ, ലടിമയാമിന്ത്യക്കുവേണ്ടി താങ്കൾ;
'മൺസ്റ്ററെ'പ്പോലല്ലത്രേ, ഭാരതൊഴ്ചിയിലേതോ
സോഷ്യലിസ്റ്റാദർശങ്ങൾ പാകീട്ടുമത്രേ താങ്കൾ;
ഇന്ത്യയെക്കണ്ടിട്ടില്ലിന്നോളു;മെന്നിട്ടുമാർദ്ര-
സ്വാന്തനായ്ബ്ബങ്കാളിന്നായ് കണ്ണുനീർ തൂകീ താങ്കൾ;
(ഇരുട്ടു,ത്താരും കാണാതായിരിക്കണം; നാലാ-



ളിരിക്കെ,ക്കരകയോ ധീരനാം 'ജോൺബു'ള്ള — യ്യേ!)
അവിടുന്നെഴുതിയ 'ജീവിതമൂല്യ'ഗ്രന്ഥ-
മനുവൃത്തമായ്പ്പോലും ഹിന്ദിയിൽ — ആരോകണ്ടു?
— ആ മഹാഗ്രന്ഥം വായിച്ചറിയാഞ്ഞതാവാം നാട്ടാ-
രീയിടെച്ചത്തു ലക്ഷക്കണക്കായ് ബങ്കാളത്തിൽ! —
"ഇന്ത്യതൻ സ്വാതന്ത്ര്യത്തിൻ കൽത്തറ പാകാൻ നമ്മ-
ളൊന്നാമതൊന്നേ വേണ്ടൂ — ജപ്പാനെത്തകർക്കുക!"
ആദ്യമായ് ത്തിരുമുഖം കാണുവാനെത്തിച്ചേർന്ന
'റോയ്ട്ടരോ'ടിവണ്ണമങ്ങരുളിച്ചെയ്തുപോലും!
ശരിതാൻ: ചർച്ചിൽസ്സായ്പു നീട്ടിലേ സ്വാതന്ത്ര്യമി-
ങ്ങരിശം പൂണ്ടു ജപ്പാനായതു മുടക്കിലേ?
ഇപ്പൊഴും ജവാഹർലാൽ നെഹ്റുവിൻ തുറുങ്കത്തിൻ.
താക്കോലജ്ജപ്പാൻകാരൻ കീശയിൽസ്സൂക്ഷിപ്പീലേ?
അവനെത്തകർത്താവൂ, സ്വാതന്ത്ര്യം ബ്രഹ്മാണ്ഡത്തി-
ന്നരുളീടാവൂ! (സായ്പിൻ ഭാരമല്ലയോ ഭാരം?)

എങ്കിലു,മൊന്നോതുവാനാഗ്രഹിക്കുന്നു ഞങ്ങൾ,
— താങ്ക,ളിത,വിനയമാണെങ്കിൽപ്പൊറുത്താലും! —
ഭാരതമുണർന്നുപോയ്, ഭാരതമെണീറ്റുപോയ്,
ഭാരതമതിൻ ധീരപ്രയാണം തുടങ്ങിപ്പോയ്!
കണ്ണുനീരിനാൽ, ക്കടുംചോരയാൽ, വിയർപ്പിനാൽ,
എണ്ണമറ്റീടുമാത്മത്യാഗത്തിൻ ബലത്തിനാൽ,
നിങ്ങൾ നല്കീടുംമുമ്പേ സ്വാതന്ത്ര്യം നേടും ഞങ്ങൾ
നിശ്ചയം: — കൃതഘ്നരിന്നാട്ടുകാർ പണ്ടേ തന്നെ! —

കാളംപോലുയർന്നുയർന്നോളംപോൽത്തകർന്നുപോ-
മോളങ്ങളടക്കി വാണീടുമിസ്സാമ്രാജ്യവും.

18

# ജന്മദിനാശംസകൾ.

ജവാഹർലാൽ നെഹ്റുവിൻെറ അടുത്തു കഴിഞ്ഞ ജന്മർക്ഷാഘോഷത്തിൽ, ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും അദ്ദേഹത്തിന്ന ആശംസകൾ ലഭിക്കുകയുണ്ടായി. ഈ വിനീതലേഖകനും ഈ വരികൾവഴി അദ്ദേഹത്തോടുള്ള ആദരം രേഖപ്പെടുത്തി ചരിതാർത്ഥനായി.



മുകുളിതകരയുഗത്തൊടും, ഭക്തി-
വികസിതമായ ഹൃദന്തരത്തൊടും,
ഭാരതഭൂവിലെജ്ജനാവലി നീളെ
ഭവാനു നേരുന്നു നിതാന്തമംഗളം!



അനർഘസമ്പത്തു, മനശ്ശരാശയു,-
മവർക്കു ജീവനും ജവാഹർലാലത്രേ!

കദനമഗ്നമാമുലകിൽക്കാരുണ്യം
കരളിലെമ്പാടും നിറകയാൽബ്ഭവാൻ
ത്യജിച്ചു ബുദ്ധൻപോൽ സുഖാർഹജീവിതം
വരിച്ചു മുള്ളുകൾ നിറഞ്ഞ നേർവഴി!
'കമല'യെപ്പോലും സ്വാതന്ത്ര്യത്തായി-
ക്കരൾപതറാതങ്ങടിയറവെച്ചു!

വെളുത്ത സാമ്രാജ്യം കറുത്ത കല്ലറ-
യ്ക്കകത്തു താങ്കളെയടക്കുകയായി . . .
പതിനഞ്ചു പുതുവസന്തങ്ങളങ്ങെ-
ത്തിരഞ്ഞു വന്നെത്തി ജയിലിൻ വാതില്ക്കൽ;
മടങ്ങിപ്പോ,യോരോ തവണയുമവ-
യടഞ്ഞ വാതിൽ കണ്ടതിവ്യഥയൊടും;
നിറകതിർ വീശി ത്തുറുങ്കിനുള്ളിലും
നിതാന്തദീപ്തയാം ത്വദീയഭാവന;
അനഘസാഹിത്യകൃതികളായിന്നു –
മതിജ്ജനങ്ങളുണ്ടനുഭവിക്കുന്നു!

അഹമ്മദ്നഗർജയിലിലാണങ്ങെ-
ന്നനുസ്മരിക്കവേ യപമാനത്താലും,

അടക്കാനാവാത്ത പകയാലും നീറി-
പ്പിടയ്ക്കാതെയുള്ള ഹൃദയമിന്ത്യയിൽ?

വലിയ ചീനയി, ലബിസ്സീനിയയിൽ,
സ്പെയിനിലും, ചെക്കോസ്ലോവേക്യയിങ്കലും,
എവിടെയാക്രാന്തം മനുഷ്യസ്വാതന്ത്ര്യ-
മവിടെ നെഹ്റുവുണ്ടബലരക്ഷക്കായ്!
ഒരക്രമത്തെയും പൊറുക്കില്ലാ നെഹ്റു,
ഒരൊററ പോരിലും മടങ്ങില്ലാ നെഹ്റു!
സതതയോദ്ധാവേ, ഭവാന്റെ നാടിതിൽ
സമാനജന്മന്മാർ കൃതാർത്ഥരീ ഞങ്ങൾ,
ഇടച്ചിയെന്നിയേ ഭവാനെപ്പിൻതുട-
ന്നടക്കണയുവാൻ കരുത്തരാകാവൂ!
അടിമത്തക്കറ കഴുകാവൂ വേഗം
സ്വാതന്ത്ര്യതയുടെ പുലരിയിന്ത്യയിൽ
(ജയിലർ വേവലി'ക്കുറി,യഹമ്മദ-
നഗരിലെക്കോട്ടയ്ക്കകത്തയച്ചാവൂ!)

# ഫ്രാങ്ക്ളിൻ ഡെലാനോ റൂസ്‌വെൽററിന്നു

(റൂസ്‌വെൽററിനെ നാലാമത്തും അമേരിക്കയുടെ പ്രസിഡണ്ടായിത്തിരഞ്ഞെടുത്തതിൽ ഇന്ത്യക്കുള്ള അഭിനന്ദനം)

വെററി നാലാമത്തും കൈവരിച്ച റൂസ്-
വെൽററിനിന്ത്യതൻ ഹാർദ്ദാഭിനന്ദനം!



ആഴ്ന്നു * ഹൂവറും ലാണ്ടനും വില്ലിയും
ഇന്നു ഡീവിയും വിസ്മൃതിപ്പാഴ്ക്കണ്ടിൽ.

* ഹൂവർ, ലാണ്ടൻ, വില്ലി, ഡീവി—റൂസ്‌വെൽട്ടിന്റെ നാലു എതിർസ്ഥാനാർത്ഥികൾ.

അന്നുമിന്നും മഹാമലയെന്നപോ-
ലങ്ങുമാത്രമുയർന്നു നിന്നീടുന്നു,
സർവ്വശക്തനായ്, സർവ്വാധികാരിയായ്,
നവ്യപാശ്ചാത്യഗോളാർദ്ധനാഥനായ്.

ഓർപ്പൂ ഞങ്ങൾ *വാഷിങ്ടനെ, സ്വാതന്ത്ര്യ-
ദ്ദീപ്തനവലോകസ്രഷ്ടാവെ;
ഓർപ്പൂ ലിങ്കനെ, വിശ്വസൌഭ്രാത്രമ-
ന്നാത്മരക്തം നനച്ചു വളർത്തോനെ;
ഓർത്തിടുന്നു മഹാനാം ജെഫേർസനെ;
ഉജ്ജ്വലസ്വപ്നദർശിയാം വിത്സനെ;
ആയവരിലൊരാൾക്കും ലഭിച്ചതി-
ല്ലീവിധം നീണ്ട സേവനകാലവും,
ഈ വിധമധികാരവും, ശക്തിയു,-
മീവിധമാമവസരച്ചേർച്ചയും.

എന്തുചെയ്തു പതിനാറു കൊല്ലത്തെ-
സ്സന്തതാദ്ധ്യക്ഷതയാൽ ഭവാനെന്നായ്
വല്ലവരും ഭവാനോടു ചോദിക്കി,-
ലല്ല, താങ്കൾ പറയുന്നതെന്താവോ?
— 'ഹിററ്ലറിൽ നിന്നെടുത്തീയുലകു ഞാൻ
ചർച്ചിലിന്നു കൊടുത്തു'വെന്നല്ലാതെ?
'ഫാസിസത്തെത്തകർത്തു, സാമ്രാജ്യഭ്ര-
ന്നാസിസത്തെപ്പുലർത്തി'യെന്നല്ലാതെ?

* വാഷിങ്ടൻ, ലിങ്കൻ, ജെഫേഴ്സൻ, വിൽസൻ — അമേരിക്കയുടെ മഹാന്മാരായ നാലു പ്രസിഡൻറന്മാർ.



'യുദ്ധമൊന്നു ജയിച്ചു, സനാതന-
യുദ്ധവിത്തു വിതച്ചു'വെന്നല്ലാതെ?

അന്ന,തലാന്തികാബ്ധിത്തിരകൾമേ-
ലങ്ങു ചർച്ചിലുമൊന്നിച്ചു ചേരവേ,
അദ്ഭുതശിശുവൊന്നുളവായീലേ,
ഇപ്പൊ,ളെങ്ങതെന്നങ്ങറിയുന്നുവോ?
— കൂട്ടുകാരൻ പകുതി കുഴിച്ചിട്ട
കുട്ടിയെച്ചെന്നു മൂട്ടു മുഴുവനായ്;
കാക്ക കൊത്തിയും, നാറിയു,മീ വഴി-
വക്കിലശ്ശവം വാഴ്‌വതു നല്ലതോ?

രണ്ടു മിത്രങ്ങൾ — എന്തൊരു മിത്രങ്ങൾ! —
ഉണ്ടവിടേ,യ്യതില*'ക്കരടി'യെ,
ഉള്ളുകൊണ്ടു ഭയന്നല്ലീ താങ്കള-
**'ക്കള്ളക്കാള' തൻ താളത്തിൽത്തുള്ളുന്നു?

കൂടനീതിതൻ മൂടൽമഞ്ഞിങ്കൽനി-
ന്നാടലററു പുറത്ത,ങ്ങു പോരുമോ?
അക്രമത്തിന്നമേരിക്ക പങ്കില്ലെ-
ന്നസ്സംശയം പ്രഖ്യാപിച്ചിടുമോ?
തന്നനന്തമാം ശക്തിയർപ്പിക്കുമോ
മന്നിനാകെ സ്വാതന്ത്ര്യം നേടുവാൻ?......
......ഇല്ല മിഥ്യാഭ്രമങ്ങളി,ങ്ങെന്നാലു-
മിന്ത്യയേകുന്നു മംഗളാശംസകൾ!

* റഷ്യ.
** ജോൺബുൾ — ഇംഗ്ലണ്ട്

# ക്ഷേത്രപ്രവേശവിളംബരം!

(ഹരിജനങ്ങൾക്ക് ക്ഷേത്രപ്രവേശം അനുവദിക്കണമെന്നു കാണിച്ചു പല നിവേദനങ്ങളും തങ്ങൾക്കു കിട്ടിവരുന്നതായി പ്രസ്താവിച്ചും, തങ്ങളുടെ 'സ്ഥിരനയം' ഇതിന്ന് എതിരാണെന്നും, വിശേഷിച്ചും ഇന്നത്തെ പരിതഃസ്ഥിതികളിൽ സമുദായങ്ങൾ തമ്മിലുള്ള ഐക്യം തകരാറിലാക്കുന്ന ഒരു കാര്യത്തിലും തങ്ങൾ ഏർപ്പെടുകയില്ലെന്നും പ്രഖ്യാപിച്ചും, ഒരു കമ്യൂണിക്കെ ഇയ്യിടെ കൊച്ചിഗവർമ്മേണ്ടു പുറപ്പെടുവിക്കയുണ്ടായി. ഈ കമ്യൂണിക്കെ പദ്യത്തിലാക്കുകയും, അതിലടങ്ങിയ യുക്തികളെ ഒന്നു വിപുലീകരിക്കുകയും ചെയ്താൽ ഏതാണ്ടിങ്ങിനെ ഇരിക്കും.)

വെറുതെ യെന്തിന്നപേക്ഷയു, മർജ്ജിയു?—
മറിക, കൊച്ചിഗ്ഗവർമ്മേണ്ടനങ്ങിടാ;
പ്രളയനീരിലിപ്പാരിടം താഴ്ന്നുപോ-
മളവു, മമ്പലവാതിൽ തുറന്നിടാ;
ഒരുദിനമൊരുമാതിരിചൊല്ലിയാ-
ലരുതു പിന്നെ,യച്ചൊല്ലിളക്കീടുവാൻ;
പലതവണയായ്, 'ഇല്ല'യെന്നോതുന്നു,
—തലയിലേറില്ല നിങ്ങൾക്കൊരിക്കലും!—
അനുവദിച്ചിടാ ക്ഷേത്രപ്രവേശനം,
ഇനിയതിന്നൊട്ടു വേണ്ടതാനും ശ്രമം!

അറികയില്ലയോ യൂറോപ്പിലുഗ്രമാ-
മടർനടക്കുന്ന സംഗതികൂടിയും?



വിജയമായതിൽ ബ്രിട്ടനിണങ്ങണം,
വിനകൾ ചേക്കൊലാ നാമിതിൽത്തെല്ലുമേ;
ഇവിടെ,യമ്പലമെല്ലാർക്കുമായ്ത്തുറ-
ന്നിടുകി'ലൂർദ്ധ്വ'മാം യുദ്ധസാഹായ്യകം;
ജനതകൾതമ്മിൽ വൈരമാം, വാശിയാം,
ലഹളയാം, ഗുലുമാലുമാം, ഗുസ്തിയാം.

പുലയനമ്പലം തീണ്ടാനടുക്കുകിൽ
പറയു,കെമ്പ്രാനടിക്കാതടങ്ങുമോ?
അരയനമ്പലമേറിയാൽ വാരിയ-
ക്കരിശമുണ്ടാകുമെന്നതാശ്ചര്യമോ?
ഹരി! യൊരീഴവൻ പൂജയ്ക്കണയുകിൽ
പെരിയ നമ്പൂരിയുണ്ടോ പൊറുക്കുന്നു?
അടിയുമാം തമ്മി,ലട്ടഹാസങ്ങളാം;
അവിടെ ഹിററ്‌ലർക്കിതേററം സഹായമാം.

ഇനിയുമോതിടാം: ചുമ്മാതിരിക്കുമോ
കനിവൊടീനാട്ടു കാത്തിടും ദേവന്മാർ?
* നിഗമനാഥനും കൂടൽമാണിക്യനും
ശിവപുരേശനും വില്വാദ്രിനാഥനും
ഒരു ഭയങ്കരപ്രസ്ഥാനവുംകൊണ്ടു
വരികയില്ലയോ നമ്മെ 'ബ്ബോറാക്കു'വാൻ?!

* തൃപ്പൂണിത്തുറ, ഇരിങ്ങാലക്കുട, തൃശ്ശൂർ, തിരുവില്വാമല എന്നീ ക്ഷേത്രങ്ങളിലെ ഈശ്വരന്മാർ.

—പ്രൊസെഷനും പൊതുയോഗവും പാടില്ല,
പലതുമെന്നാലവയ്ക്കും കഴിഞ്ഞിട്ടും —
ഭഗവതിമാർ കൊടുങ്ങല്ലൂരമ്മതൻ
ഭയദനേതൃത്വമെന്നിക്കൊടിക്കീഴിൽ
സുദൃഢമായ് സംഘടിച്ചെതിർത്തീടുകിൽ
സുരനരമൈത്രിയുണ്ടോ പുലരുന്നു?
...ഇതിനു നില്ക്കേണ്ട, ചുമ്മാ കൊതിക്കേണ്ട,
ഇവിടെയമ്പലമെന്നും തുറന്നിടാ!

## ഹെയ്ലി സിലാസ്സി

എത്യോപ്യാമന്നനാം 'ഹെയ്ലീ സിലാസ്സി'യെ
അത്രവേഗം നാം മറന്നുകൂടാ;
—പത്രങ്ങൾ പണ്ടിക്കറുത്ത സാമ്രാട്ടിനാ-
യെത്ര 'കോളു'ങ്ങൾ മുടക്കിയെന്നോ?

ലോകം 'പരിഷ്കരി'ച്ചീടുവാ'നൊറോപ്യ-
നാഗരിക'ന്മാർ മുതിരും മുമ്പേ,
സ്വൈരമായാഫ്രിക്കാവൻകരയിൽത്തോലി
പാരം കറുത്തോർ പുലർന്നുപോന്നു.



വെട്ടക്കിളിക്കൂട്ടംപോൽ വെള്ളക്കാരെമ്പാടും
പെട്ടെന്നു പിന്നിപ്പരക്കുകയായ്.
ചുട്ടും, തടവിൽപ്പിടിച്ചു'മേരിക്ക'യിൽ
വിറ്റും, വെറുതെക്കശാപ്പുചെയ്തും,
'സംസ്കരി'ച്ചാ'രിക്കറുത്ത മനുഷ്യരെ
സമ്പൂജ്യപാശ്ചാത്യനാഗരികർ!
പൊന്നുവിളയുമവരുടെ വൻകര
തീർന്നു പാശ്ചാത്യർതൻ 'കോളനി'യായ്!

ഇക്കൊടുങ്കാററിൽപ്പുഴങ്ങാതെനിന്നുപോൽ
—അക്രമം! —'എത്യോപ്യ'യെന്നരാജ്യം;
—പാടേ വെളുത്തൊരാഫ്രിക്കയിൽപ്പണ്ടത്തെ
പാഴ്ക്കറുപ്പിന്റെയൊരന്ത്യബിന്ദു! —
മററെങ്ങും സാമ്രാജ്യപ്പന്തയം തോല്ക്കയാ-
'ലിററലി'ക്കീമ്മണ്ണിലാശമൂത്തു;
'മുസ്സോലിനി'യുടെ വൻദുരവഹ്നിയിൽ
ഭസ്മമാ,യന്നിക്കറുത്ത രാജ്യം!
വീരരാമെത്യോപ്യർ വാശിയിൽപ്പോരടി-
ച്ചേറെച്ചെറുത്തു മരിക്കുകിലും,
*രാഷ്ട്രസംഘത്തിൽപ്പൊടിപ്പൻപ്രസംഗങ്ങ-
ളെത്രയോ പൊങ്ങി മുഴങ്ങുകിലും,
ഉഗ്രവിഷജ്വാല വാനത്തിൽനിന്നതി-
ന്നിററലിയിന്നാട്ടു കീഴടക്കി.

* ലീഗ് ഓഫ് നേഷൻസ്.

ഇംഗ്ലീഷുകാരും പരന്ത്രീസ്സുകാരുമീ-
വൻകൊലയ്ക്കുന്നു കുടപിടിച്ചു;
**'ഹോറും' 'ലവാലു'മായ്‌ച്ചെയ്യൊരു സന്ധിയീ-
നാടിൻ മരണക്കുറിപ്പെഴുതി.
(ഹോറിന്നു 'ടെമ്പിൾവുഡ്ഡാ'ണിയാളിന്ത്യയിൽ
നാളത്തെ വൈസ്രോയിയാവുമത്രെ;
ശ്രീമാൻ 'ലവാൽ' ചെന്നു ഹിററ്ലറിൻ ചട്ടുക-
മായ്‌യയാളുണ്ടോ, മരിച്ചുപോയോ?)

ഓടിപ്പോയ്‌ ഹെയ്‌ലി സിലാസ്സി; യെത്യോ-
പ്യയോ
റോമിൻെറ സാമ്രാജ്യമായി മാറി;
ആവിഷവാതവിദഗ്ദ്ധൻ 'ബദോഗ്ളിയോ'
വാണു പോലാദ്യത്തെ വൈസ്രോയിയായ്.
('മുസ്സോ' മറിഞ്ഞവാറിയാളെയിററലി-
സ്സർക്കാരിൻസ്ഥാനത്തു വാഴ്‌ത്തി ചർച്ചിൽ!)

രണ്ടാംമഹായുദ്ധമീനാടിൻ ഭാഗ്യത്തി-
ലുണ്ടാക്കി പിന്നെയും വേലിയേററം;
അപ്പടിഞ്ഞാറൻ മരുഭൂമി,യിന്ത്യക്കാ-
രാത്മരക്തത്താൽക്കുതിക്കുകയായ്.
ഈയൊഴുക്കത്തിലലിഞ്ഞുപോയ്‌ പുററുപോൽ
ഇത്താല്യൻസാമ്രാജ്യമാഫ്രിക്കയിൽ.

** സർ സാമുവൽ ഹോർ,—ലോർഡ് ടെമ്പ്ൾ വുഡ്. അന്നു ബ്രിട്ടീഷ് വിദേശകാര്യസിക്രട്ടറി, ഇന്നു സ്പെയിനിലെ ബ്രിട്ടീഷ് പ്രതിനിധി. എം. ലവാൽ, അന്നത്തെ ഫ്റഞ്ച് വിദേശമന്ത്രി.



* 'അഡിസ്സബാബ'യമർന്നു 'സിലാസ്സി'തൻ
നാടിതുവീണ്ടും ഭരിക്കുകയായ്.

ഇപ്പുരാണക്കെട്ടഴിക്കുവാൻ കാരണ-
മിപ്പൊഴെന്തെന്നു പറഞ്ഞിടാം ഞാൻ.
യുദ്ധനാടത്തിപ്പിനായിട്ടിംഗ്ലീഷുകാർ
എത്യോപ്യയിൽച്ചിലഭാഗമെല്ലാം
കൈവശം വെച്ചപോൽ; ഇന്നവരായതു
കൈവിട്ടുപോകുവാൻ ഭാവമില്ല!

കാരണമെന്തെന്നോ, ഹെയ്‌ലിസിലാസ്സിക്കു
'കാരിയശേഷി'യശേഷമില്ല;
തന്നുടെ കീഴിൽപ്പലരും പ്രഭുക്കളെ
നന്നായടക്കുവാൻ കെൽപ്പുപോരാ;
വീണ്ടുമടുത്തുള്ള 'ബ്രിട്ടീഷുസോമാലി-
ലാണ്ടി'ലൊപ്പൈപ്പക്കൾക്കും കാളകൾക്കും
പുല്ലില്ല തിന്നുവാൻ; എത്യോപ്യയിങ്കലൊ-
ട്ടില്ലപോൽക്ഷാമം തകിടികൾക്കും.
പിന്നെയും, 'സോമാലി' നാട്ടുകാരെത്രയോ
പോന്നു പാർക്കുന്നുണ്ടെത്യോപ്യയിൽ,
ഇന്നവർ രക്ഷയ്ക്കായ്‌ച്ചർച്ചിലിൻ വാർദ്ധക്യ-
സുന്ദരമാം മുഖം നോക്കിനില്പാം—
എന്നില്ല, 'ചെന്നായവാദ'ങ്ങളൊക്കെയു-
മൊന്നൊഴിയാതിങ്ങുയർന്നുകേൾപ്പൂ!

* എത്യോപ്യയുടെ തലസ്ഥാനനഗരം.

ഹെയ്‌ലീസിലാസ്സി ഹരജിയുമായിട്ടു
പോയപ്പോൾ റൂസ്‌വെൽട്ടിൻ സന്നിധിയിൽ
(ചെന്നായയെബ്ഭയന്നീയാട്ടു രക്ഷക്കായ്
ചെന്നിരക്കുന്നു പുലിയോടയ്യോ!)
എന്നാലവിടത്തെ 'ത്ത കത്തു' ബ്രിട്ടീഷു-
'സെൻസർ' പിടിച്ചുവിഴുങ്ങിപോലും!
—എന്തൊക്കെജ്ജാലികൾ റൂസ്‌വെൽട്ടിനു-
ണ്ടെന്നോ,
തന്നെയെച്ചുമ്മാതലട്ടീടൊല്ലേ!—

പോന്നാലും ഹെയ്‌ലീമഹാരാജ, താങ്കളി-
പ്പുണ്യമാം ബ്രിട്ടീഷ്കുടക്കു കീഴിൽ.
നൂറുകണക്കിന്നു കൂട്ടുകാരങ്ങേക്കി-
ബ്ഭാരതഭൂമിയിലിന്നുണ്ടല്ലോ.
ആയുധമേന്താ, തലയെട്ടേഴാതെ, സുഖ-
മാ,യവിടേക്കുഴിവാഴാം നീണാൾ;
വൈസറോയിക്കു വിരുന്നു നൽകാം കാട്ടിൽ
വാഴുന്നൊരാനയെ വേട്ടയാടാം;
പീരങ്കി പത്തോ പതിനൊന്നോ പൊട്ടിക്കാം;
പാരീസ്സിൽ ഹോട്ടലിൽത്താമസിക്കാം;
ബ്രിട്ടീഷുസാമ്രാജ്യമണ്ഡലാകാശത്തിൽ
പൊട്ടിയുയർന്നൊരു താരമാകാം.

വീണു വലയിൽ; പ്പിടക്കൊല്ല താങ്കൾക്കീ
വീൺബുദ്ധിയാരുവാനോതി രാജൻ?

23

# "മുറിവൈദ്യൻ"

1944 ഡിസംബർ 14-ാംനു കൽക്കത്തയിലെ അസോഷിയേറ്റഡ് ചേംബേർസ് ഓഫ് കോമേഴ്സിൽവെച്ചു ചെയ്ത പ്രസംഗത്തിൽ ഇന്ത്യാ വൈസറോയി വേവൽപ്രഭു താഴെ കാണുംവിധം പ്രസ്താവിച്ചു: 'സ്വത്ത്, മനുഷ്യശക്തി, പണം എന്നിവ സംബന്ധിച്ചിടത്തോളം യുദ്ധകാലത്തു് ഇന്ത്യക്കു നഷ്ടമല്ല, ലാഭമാണു് ഉണ്ടായിട്ടുള്ളതു്. ഇന്ത്യയുടെ (ആരോഗ്യ) നില (പാക്കിസ്ഥാൻ പോലെയുള്ള) ഒരു ശസ്ത്രക്രിയ ആവശ്യപ്പെടുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല...ക്വിറ്റ് ഇന്ത്യാ' കഷായവും, സത്യാഗ്രഹഗുളികകളും നിങ്ങൾക്കു് എന്തെങ്കിലും ഗുണം ചെയ്തിട്ടുണ്ടെന്നും ഞാൻ വിചാരിക്കുന്നില്ല. മരുന്നെല്ലാം വിടണമെന്നാണു് ഞാൻ പറയുക. ഒരുപക്ഷേ പുതിയ കാററും 'വയലു'കളിൽ പണിയും നിങ്ങൾക്കു ഗുണം ചെയ്യുക്കാം....ആരോഗ്യത്തിലേക്കു മടങ്ങുവാനുള്ള ഒന്നാംപടി ഒരു വിശ്വാസചികിത്സയായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു....എന്തെല്ലാം ശകാരങ്ങളും, വിമർശനങ്ങളുമുണ്ടായിരുന്നാലും, ഇന്ത്യയിൽ ഇന്നു നിലവിലുള്ളതു് ഒരു ദേശീയഗവർമ്മെണ്ടാണു്.'

നരകത്തിപ്പുകയുയരുന്ന 'കൽക്കത്താ'-
നഗരിയിൽ, പ്പൊടിനിറഞ്ഞൊരന്തിയിൽ,
വിശപ്പിൽ വെന്തു മണ്ണടിഞ്ഞ നാട്ടാർത-
ന്നശ്രുനിശ്വാസം പരന്ന പാതയിൽ,
മുഴുത്തൊരു 'വിപ്പ്'പ്പുറത്തു നിന്നൊരു
'മുറിവൈദ്യൻ' ചെയ്യും പ്രസംഗം കേൾക്കാമീ:
(പൊലിഞ്ഞ കണ്ണൊന്നിലൊരൊററക്കണ്ണാടി,
തലയിൽത്തൊപ്പിയും, ചുമലിൽക്രോസ്സ്ബെൽട്ടും)

തമാശ കാണുവാൻ തടിച്ചുകൂടിനാർ
തെരുവിലങ്ങിങ്ങായലയുമാളുകൾ:
വയററിലെച്ചെന്തീയടക്കുവാൻ ഗ്രാമം
വെടിഞ്ഞു പട്ടണമണഞ്ഞ പിച്ചക്കാർ,
ഉഴക്കു ചോറിനാ,യൊരു പഴന്തുണി-
യുടുപ്പിനായ് മാനം കൊടുത്ത പെണ്ണുങ്ങൾ,
വയറന്തി,കൈകൾ മെലിഞ്ഞു, നഗരാ-
യുഴന്നിട്ടും ക്ഷാമക്കെടുതികളഞ്ഞുങ്ങൾ,
'ഇരുണ്ട' ചന്തയിൽ, നിഷിദ്ധമാം ധാന്യം
നിരവധി 'തട്ടി'ക്കൊഴുത്ത മാന്യന്മാർ,
'വെളുത്ത' ഹോട്ടലിൽ,പ്പരന്ന തീൻമേശ-
ച്ചുവട്ടിലെയെച്ചിൽക്കഷണം വാരുവോർ,
പല പല രോഗം പിടിപെട്ടോർ: എത്തി-
പ്പരിചിൽ വൈദ്യനെ വളഞ്ഞുകൂടിനാർ.

മുറിവൈദ്യൻ ചൊല്ലിത്തുടങ്ങി: "(നിശ്ശബ്ദം!)
അറിക, നിങ്ങളിന്നതീവ സമ്പന്നർ.
പെരിയൊരീയുദ്ധം നിമിത്തം നിങ്ങടെ
പണസ്സഞ്ചിയിന്നു നിറഞ്ഞു വീക്കുന്നു."
(പലരും കീശയിൽക്കരം കടത്തുന്നു,
പരക്കെത്തപ്പുന്നു, പകച്ചുനോക്കുന്നു.)
പരിഭ്രമിക്കായ്‌വിൻ, പണത്തിനായല്ലി-
പ്പവിത്രമൌഷധം വെറുതെ ഞാൻ നല്കാം.



"പലതും വ്യാധികൾ പിടിപെട്ടോർനിങ്ങൾ;
പലമരുന്നുകൾ കഴിച്ചവർ നിങ്ങൾ;
പഴയതൊക്കെയും വെടിയണം, നിങ്ങൾ
പരിപൂർണ്ണാരോഗ്യ പഥത്തിലെത്തുവാൻ;
മുറിച്ചു കീറൊലാ ശരീരം — ഇന്ത്യയെ
മുറിച്ചിടാൻ 'ജിന്ന' നിനച്ചിടുംപോലെ —
കഷായവും വേണ്ട, ഗുളികയും — ബോംബേ-
പ്രമേയവും സത്യാഗ്രഹവും പോലവേ —
തുറന്ന കാറ്റേറ്റ വയലിൽ വേലചെ-
യ്തിടുകിലാരോഗ്യം തിരികെ നേടിടാം."

ഒരൊച്ച കേൾക്കുന്നു: "ശരി,യെൻ ചേട്ടന്മാർ
ഉരത്ത രോഗത്താൽക്കുഴങ്ങുകയത്രേ;
അവ * രഹമ്മദുനഗരിലെ കോട്ട-
ക്കകത്താ;ണീക്കാററങ്ങയക്കാനൊക്കുമോ?"
ഇടതടവിതിലരിശമാർന്നാലും
തുടരുന്നു 'വൈദ്യൻ' പ്രഭാഷണം വീണ്ടും!

"ഒരു ലക്ഷം വ്യാധിക്കൊരു മരുന്നെന്നു
പറഞ്ഞിരിക്കുന്നു പഴയ വിദ്വാന്മാർ!
— ചവിട്ടും ബൂട്ട്സു പിടിച്ചു ചുംബിപ്പാൻ
കരുത്തു നല്കിടും 'വിശുദ്ധ വിശ്വാസം'? —

* അഹമ്മദുനഗർ കോട്ടയിലാണു് കോൺഗ്രസ്സ് പ്രവർത്തകസമിതി അംഗങ്ങളെ തടങ്കലിലിട്ടിട്ടുള്ളതു്.

ഇതിന്നാട്ടിൽത്തെല്ലു കുറവാം; ഞിന്നത്തെ
ക്കെട്ടതിക്കു മൂലമിതെന്നു ഞാൻ കാണ്മു.

“നയജ്ഞരാം ചിലകിടാത്തരെ മുന്നം
നിയമിച്ചേൻ ഞാനീ മരുന്നു നിർമ്മിക്കാൻ;
അപവാദം പലർ പറയുന്നുണ്ടിപ്പോൾ,
അവർക്കു വൈദ്യമൊട്ടറിഞ്ഞുകൂടെന്നും;
അവര'സ്സായ്പി'ന്റെ പരന്ന തീൻമേശ-
പ്പുവട്ടിൽ വീഴുന്ന ചെറുകഷണങ്ങൾ
പെറുക്കിത്തിന്നുവാൻ കൊതിച്ചു ചുററിലും
പരുങ്ങുന്ന തെണ്ടിച്ചെറുക്കന്മാരെന്നും;
അതിന്നു നല്ലായ്പിൻ ചെവി, യവർമഹാ-
മതികളെന്നതു മനസ്സിലൂന്നുവിൻ!

“മരുന്നു വാങ്ങുവിൻ, മരുന്നുവാങ്ങുവിൻ,
വെറുതെ നല്കുന്ന മരുന്നു വാങ്ങുവിൻ!”

(പെരുത്തു കൈകൊട്ടും, വിളിച്ചു കൂവലും!
മരുന്നിനായാൾക്കാർ തിരക്കിയെത്തുന്നു!)



# തോക്കുകൾ തിരിയുന്നു!

നാസി ജർമ്മനിയുടെ ആധിപത്യത്തിൽനിന്നു മോചിപ്പിക്കപ്പെട്ട യൂറോപ്പിലെ രാഷ്ട്രങ്ങളിൽ പുരോഗമനവാദികളും യാഥാസ്ഥിതികന്മാരും തമ്മിലുള്ള ഉഗ്രസംഘട്ടനം നടന്നുവരികയാണ്. ബൽജിയത്തിലും ഗ്രീസ്സിലും ഇതു് ആയുധമേന്തിയ കലാപമായി രൂപമെടുത്തു. ഫ്രാൻസിലും ഇറ്റലിയിലും ഈ സംഘർഷം വളരെയധികം പ്രകടമായിരുന്നു. ഇവിടെയെല്ലാം പിന്തിരിപ്പന്മാർക്കുവേണ്ടി വാദിക്കുന്നതും, പൊരുതുന്നതും ബ്രിട്ടീഷുഗവർമ്മെണ്ടും ബ്രിട്ടീഷുപട്ടാളവുമാണ്. ഈ ഉരസൽ യൂറോപ്പിലെ ഓരോ രാജ്യത്തിലും ആവർത്തിക്കുമെന്നുവേണം വിചാരിക്കുവാൻ.

തിരിയുകയായീ തോക്കുകൾ: ഇന്നിയവ
ചൊരിയും ചെന്തീയുണ്ടകൾ വീഴുവ-
തരികളിലല്ലിതുവരെയും നാമൊ-
ത്തവരൊട്ടു പൊരുത സഖാക്കളിലത്രേ;
അലറുകയാണണിയണിയായ്പ്പാറും
'സ്പിററ്ഫയർ' 'ബോഫൈററ'റു;[1] അവയിനിമേൽ
കൊലയുടെ മുട്ടകളിടുവതു 'നമ്മുടെ'
കൂട്ടാളികളുടെ പുരികളിലത്രേ.

ഇതുവരെ 'നമ്മുടെ' ചുമലൊട്ടുചുമൽചേ-
ർന്നൊളിവിലുമങ്ങിനെ വെളിവിലുമൊരുപോൽ

1 Spitfire, Beaufighter—ബ്രിട്ടീഷ് പോർവിമാനങ്ങൾ

പൊത്തുരിപ്പു ജർമ്മനിയോടടരാടിയ
സോദരരുടെ വിരിമാറിടമില്ലേ,
കനമൊ,ടിരുമ്പിൻ തുടരുകളിഴയും
കടകടരവമൊത്തു, പാതകുലുക്കി-
ക്കയറും ടാങ്കുകൾ യന്ത്രത്തോക്കാം
വിരലുകൾ ചൂണ്ടുവതവിടേക്കത്രേ.

നാസിസനീൾക്കരിനിഴലിലിരുണ്ടൊരു
യൂറോപ്പെങ്ങുമെതിർപ്പിൻ ജ്വാലകൾ—
ആശയുണർത്തും വെന്നിക്കൊടികൾ—
ഉയർത്തിടുവാനുയിർനൽകിയതെവരോ,
അബ്ഭടരുടെയരുമച്ചെറുകട്ടികൾ
കൂട്ടംകൂട്ടമിടത്തേ നമ്മുടെ-
ഉദ്ഭടരാം ഭടർ മരണത്തിൻ ചുട്ട-
വിത്തുകൾ വാരിക്കോരിവിതപ്പൂ.

സ്വാതന്ത്ര്യത്തിനു പൊരുതിമരിച്ചു സ-
നാതനമാമിരുൾതിങ്ങിയഭൂവിൻ
ചൂടേറും ജഠരത്തിലു,മലകട-
ലടിയിലു,മായിരമായ്ക്കടികൊൾവോർ
കോപക്കലിയിൽ വിറച്ചെഴുന്നേറ്റു, വി-
മാംസകരങ്ങളുയർത്തി,ക്കൊട്ടതാം
ശാപവചസ്സുകൾ, 'മോചന'മേകാ-
നണയുന്നവരിൽച്ചൊരിയുകയാവാം.



ജർമ്മൻ ബയണറ്റേററു നിണപ്പുഴ-
യൊഴുകിയ 'ബെൽജിയ' നാടിൻ ഹൃദയം
'നമ്മുടെ' കുന്താഗ്രങ്ങൾ തറച്ചു, ഹ!
മർമ്മം പിളറിപ്പുളയുകയത്രേ!
ആംഗലഭടരുടെ തുണയൊടു *'പിയർലോ'-
ട്ടവിടെ നടത്തിയ വേട്ടയിൽ നാടിൻ
കിങ്കര, രാദർശോന്നതർ, മർദ്ദിത-
ജനതതി ബാന്ധവരെത്ര മരിച്ചാർ!

'ഗ്രീസി'ലെ നഗരികൾതോറും ബ്രിട്ടീഷ്-
ഭടരുടെയുണ്ടകളേററു തകർന്നതി-
ഭീഷണരൂപമിയന്നു കിടക്കുക-
യത്രേ 'യവന'ശരീരശതങ്ങൾ;
ഏകാധിപനാം **'പാപന്ദ്രോ'വിനെ
നാടിന്നെതിരായ് നിലനിർത്തിടുവാൻ
'ഏതെൻസ്' നഗരിയിൽ വീടുകൾതോറും
നരനായാട്ടു നടക്കുകയത്രേ.

പച്ചനിറത്തിലു, മൊട്ടു ചുകന്നും,
നീല,ച്ചേററെ വെളുത്തും, നമ്മുടെ

---

* M. Pierlot—ബെൽജിയത്തിലെ ഇപ്പോഴത്തെ ഗവൺമെണ്ടിന്റെ നേതാവ്.

** M. Papandreou—ഇയ്യാൾ ഇപ്പോൾ ഗ്രീസ്സിലെ വാഴ്ചയൊഴിഞ്ഞു.

മെച്ചപ്പെട്ട വിമാനപ്പടക-
ളുതിർത്ത രസായനവഹ്നിജ്വാലകൾ*
കത്തിക്കൊളുകയാണവിടത്തി,-
ലിരുണ്ടൊരു രാത്രികൾ തോറും; പട്ടിണി-
യിട്ടാ 'യവന'രെ നല്ല വഴിക്കു ന-
യിക്കുവതിന്നും സ്കോബി**നിയുക്തൻ

തിരിയുകയായി തോക്കുകൾ: ഇന്നലെ
വരെയും കൈയോടു കൈകോ,ർത്തരികെയോടു
പൊരുതിയ 'മിത്ര'ങ്ങളിലാണിനി മേൽ
പീരങ്കികൾ നാം ചൂണ്ടീടേണ്ടൂ!
പുരുസാമ്രാജ്യപ്പൊലിമപുലർത്താൻ
കൃതദൃഢപരികര, നിന്നും 'ഡൌണിങ്'
തെരുവിൽ വസിപ്പൂ 'ചേർച്ചിൽ'; ഇതോർത്തിനി
ആശകൾ വെടിയുക മർദ്ദിത ജനതേ!

* Chemical Flares.
** ജനറൽ സ്കോബിയാണ് ഗ്രീസ്സിലെ ബ്രിട്ടീഷ് സൈന്യാധിപൻ.

Printed at the Saraswathi (Elec.) Ptg. & Pbg. House, Trichur.

விலை: ௪ அ.